**"ഭരണ ഭാഷ – മാതൃഭാഷ"**

# ഇൻഫർമേഷൻ കേരളാ മിഷൻ

'പ്രതീക്ഷ' ,ഗവ: എഞ്ചിനീയറിംഗ് കോളേജിനു സമീപം ,തിരുവനന്തപുരം – 695 581

**04.08.2014-ന് രാവിലെ 11 :00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്**

**ഹാജർ:-**

1. ശ്രീ.ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് **(ചെയർമാൻ)**
2. ഡോ.എം.ഷംസുദ്ദീൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം **(മെമ്പർ സെക്രട്ടറി)**
3. ശ്രീ.ഇ.കെ.പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. അജിത് ബ്രഹ്മാനന്ദൻ, ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ.

**"ഭരണ ഭാഷ – മാതൃഭാഷ"**

# ഇൻഫർമേഷൻ കേരളാ മിഷൻ

'പ്രതീക്ഷ' ,ഗവ: എഞ്ചിനീയറിംഗ് കോളേജിനു സമീപം ,തിരുവനന്തപുരം – 695 581

**04.08.2014-ന് രാവിലെ 11:00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടക്കുന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 3–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്**

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| 3.1 | 20.05.2014 ന് നടന്ന 2–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ. | 2–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. |
| എടുത്ത തീരുമാനം | | മിനിട്ട്സിന്റെ പകർപ്പ് ഒന്നുകൂടി വിതരണം ചെയ്യണം. |
| 3.2 | 2012-2013 വർഷത്തെ വാർഷിക റിപ്പോർട്ട്, ബാലൻസ് ഷീറ്റ്, 2013-14 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, 2014-2015 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടി, ബഡ്ജറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്. | 2012-13 വർഷത്തെ വാർഷിക റിപ്പോർട്ട് / 2012-2013 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് / 2013-14 വർഷത്തെ പ്രവർത്തന റിപ്പോർട്ട് / 2014-2015 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടി എന്നിവ ഒന്നാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അജണ്ടയോടൊപ്പം അനുബന്ധമായി ചേർത്തിരുന്നു.<br>2014-2015 വർഷത്തെ ബഡ്ജറ്റ് രണ്ടാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അജണ്ടയോടൊപ്പം അനുബന്ധം-1 ആയി ചേർത്തിരുന്നു.<br>ഇവ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | പ്രവർത്തന റിപ്പോർട്ട്, ബഡ്ജറ്റ് എന്നിവ അംഗീകരിച്ചു. ബാലൻസ് ഷീറ്റ്, മറ്റുള്ള റിപ്പോർട്ടുകളുടെ കോപ്പി എന്നിവ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. |
| 3.3 | സ്വരാജ് ഭവനിൽ ഐ.കെ.എമ്മിന് ഇന്റർനെറ്റ് ഉപയോഗത്തിനു വേണ്ടി ഓപ്റ്റിക് ഫൈബർ ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | സ്വരാജ് ഭവനിൽ ഐ.കെ.എമ്മിന് ഇന്റർനെറ്റ് ഉപയോഗത്തിനു വേണ്ടി മിനിസ്ട്രി ഓഫ് റെയിൽവേയുടെ കീഴിലുള്ള റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ വഴി നടപ്പാക്കുന്ന 10Mbps ഓപ്റ്റിക് ഫൈബർ ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്റ്റിവിറ്റി പ്രതി വർഷം 30,000/- രൂപ + ടാക്സ് എന്ന നിരക്കിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | **അംഗീകരിച്ചു.** |
| 3.4 | ടെക്നിക്കൽ (ഡയറക്ടർ), ഇംപ്ലിമെന്റേഷൻ (ഡയറക്ടർ) എന്നീ തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നത് സംബന്ധിച്ച്. | നിലവിൽ ഐ.കെ.എമ്മിൽ ടെക്നിക്കൽ ഡയറക്ടർ 15.11.2013 മുതലും, ഇംപ്ലിമെന്റേഷൻ ഡയറക്ടർ തസ്തിക 30.03.2012 മുതലും ഒഴിഞ്ഞു കിടക്കുകയാണ്. ഈ രണ്ട് സീനിയർ തസ്തികകളുടെ അഭാവം ഐ.കെ.എമ്മിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ്, ടെക്നിക്കൽ സപ്പോർട്ട്, ഇംപ്ലിമെന്റേഷൻ എന്നീ ഡിവിഷനുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. 18.11.2011-ലെ ജി.ഒ.(ആർ.ടി)2706/2011/തസ്വഭവ പ്രകാരം ശ്രീ.ഷാജി (ഇംപ്ലിമെന്റേഷൻ ഡയറക്ടർ) 30.03.2012-ലും, 07.11.2013 ലെ G.O.(Rt)2753/2013/തസ്വഭവ പ്രകാരം ശ്രീ.ഹരികൃഷ്ണൻ (ടെക്നിക്കൽ ഡയറക്ടർ) അവരവരുടെ മാതൃവകുപ്പുകളിലേക്ക് തിരിച്ച് പോയ ഒഴിവിൽ ഇതുവരെ ആരെയും നിയമിച്ചിട്ടില്ല.<br>ടെക്നിക്കൽ (ഡയറക്ടർ), ഇംപ്ലിമെന്റേഷൻ (ഡയറക്ടർ) എന്നിവരുടെ അഭാവത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ മാത്രമായി സോഫ്റ്റ്‌വെയർ |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | ഡെവലപ്പ്മെന്റ്, ടെക്നിക്കൽ സപ്പോർട്ട്, ഇംപ്ലിമെന്റേഷൻ എന്നീ മേഖലകളിൽ ഐ.കെ.എം-ന്റെ പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കുക എന്നത് അസാധ്യമാണ്.<br>ഐ.കെ.എം. സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് ജീവനക്കാരുടെ സേവന, വേതന വ്യവസ്ഥകൾ തീരുമാനിക്കുന്നതിന് കാല താമസം നേരിടുന്നതിനാൽ ഈ തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിലേക്ക് ആപ്ലിക്കേഷൻ നൽകിയിട്ടുള്ള ഉദ്യോഗസ്ഥരെ ടെക്നിക്കൽ (ഡയറക്ടർ), ഇംപ്ലിമെന്റേഷൻ (ഡയറക്ടർ) എന്നീ തസ്തികയിൽ അടിയന്തിരമായി നിയമിക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. (വിശദവിവരം അജണ്ടയുടെ **അനുബന്ധം -1** ആയി ചേർത്തിരുന്നു.) |
| എടുത്ത തീരുമാനം | | ഐ.കെ.എം ജീവനക്കാരുടെ സേവന-വേതന ഘടന നടപ്പാക്കുന്ന സമയത്ത് പരിഗണിക്കുന്നതാണ്. |
| 3.5 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന വെബ് അധിഷ്ഠിത സേവങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന LSG-VPN കണക്ഷന്റെ തുക അടക്കുന്നത് സംബന്ധിച്ച്. | സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന വെബ് അധിഷ്ഠിത സേവനങ്ങൾക്കായി ഡേറ്റാ സെന്ററുമായി ബന്ധിപ്പിക്കുന്ന BSNL ന്റെ LSG-VPN (VAS No-343) കണക്ഷന്റെ 2014-2015 വർഷത്തേക്കുള്ള വാർഷിക ബിൽ തുകയായ 15,89,773/- രൂപ BSNL ലേക്ക് അടക്കുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | | **അംഗീകരിച്ചു.** |
| 3.6 | ശ്രീ.അബ്ദുൾ ബഷീർ.പി.കെ, ടീം ലീഡർ (ഇംപ്ലിമെന്റേഷൻ- ഗ്രാമ പഞ്ചായത്ത്), ഐ.കെ.എം ഉയർന്ന ശമ്പള സ്കെയിൽ അനുവദിക്കുന്നത് സംബന്ധിച്ച്. | പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ആയിരുന്ന ശ്രീ.പി.കെ. അബ്ദുൾ ബഷീറിനെ സ.ഉ.(സാധാ)നം.2137/2011/തസ്വഭവ തീയതി 15.09.2011 പ്രകാരം ഐ.കെ.എമ്മിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഗ്രാമപഞ്ചായത്ത് ഇംപ്ലിമെന്റേഷൻ ടീം ലീഡറായി നിയമിച്ചു. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം ഡെപ്യൂട്ടേഷനിൽ നിയമനം നൽകിയപ്പോൾ അദ്ദേഹത്തിന് 16180-29180 എന്ന ഉയർന്ന ശമ്പള സ്കെയിൽ പ്രത്യേകമായി അനുവദിക്കുകയും ആ സ്കെയിലിൽ 18,740 രൂപ അടിസ്ഥാന ശമ്പളമായി നിശ്ചയിച്ച് ഐ.കെ.എമ്മിൽ നിന്നും തുടർന്നും നൽകി വരുന്നു. ഈ ശമ്പള സ്കെയിൽ ഐ.കെ.എമ്മിൽ തുടരുന്നത് വരെ നില നിൽക്കും എന്നും മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇപ്പോൾ അദ്ദേഹത്തിന്റെ അടിസ്ഥാന ശമ്പളം 19,240 രൂപയാണ്.<br>എന്നാൽ, 19.04.2013 മുതൽ ഇദ്ദേഹത്തിന് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ചു. ഈ സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ടിന്റെ സ്കെയിലായ 16180-29180 എന്ന സ്കെയിലിന് തൊട്ടു മുകളിലുള്ള 18740-38680 എന്ന സ്കെയിലിൽ ശമ്പള നിർണ്ണയം നടത്തി 20,240 രൂപ അടിസ്ഥാന ശമ്പളം പ്രൊമോഷൻ കിട്ടിയ തീയതി മുതൽ നൽകേണ്ടതാണ്. ഇദ്ദേഹത്തിന് ഇപ്പോൾ ലഭിക്കുന്ന അടിസ്ഥാന ശമ്പളം 19,240 രൂപയാണ്.<br>ശ്രീ.പി.കെ. അബ്ദുൾ ബഷീറിന്റെ ശമ്പളം 18740-38680 എന്ന സ്കെയിലിൽ 20,240 രൂപ അടിസ്ഥന ശമ്പളമായി നിജപ്പെടുത്തി പ്രൊമോഷൻ കിട്ടിയ തീയതി മുതൽ നൽകണമെന്ന അപേക്ഷ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. (ജി.ഒ. രണ്ടാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അജണ്ടയോടൊപ്പം അനുബന്ധമായി സമർപ്പിച്ചിരുന്നു) |
| എടുത്ത തീരുമാനം | | **അംഗീകരിച്ചില്ല** |

<table>
<tr><th>ഇനം നമ്പർ</th><th>അജണ്ട</th><th>ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ</th></tr>
<tr><td>3.7</td><td>ഐ.കെ.എമ്മിന്റെ ബാങ്ക് അക്കൗണ്ടുകൾ മാറ്റുന്നത് സംബന്ധിച്ച്</td><td>ഐ.കെ.എമ്മിന് നിലവിൽ എസ്.ബി.റ്റി, എസ്.ബി.ഐ എന്നീ ബാങ്കുകളിലായി 6 ബാങ്ക് അക്കൗണ്ടുകൾ ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>Bank Name</th><th>Account No.</th><th>Branch</th></tr>
<tr><td>SBT Current Account</td><td>57047023512</td><td>Engineering College</td></tr>
<tr><td>SBT SB Account</td><td>67010807232</td><td>Engineering College</td></tr>
<tr><td>SBT Current Account (for KLGSDP)</td><td>67168303847</td><td>Engineering College</td></tr>
<tr><td>SBT Special Current Account (for E-payment)</td><td>67126708683</td><td>Engineering College</td></tr>
<tr><td>SBI Current Account (for E-Panchayat)</td><td>32328044836</td><td>Sreekariyam</td></tr>
</table>
ഐ.കെ.എം സ്വരാജ് ഭവനിലേക്ക് മാറ്റുമ്പോൾ ഈ ബാങ്ക് അക്കൗണ്ടുകൾ സ്വരാജ് ഭവന് സമീപമുള്ള ദേശസാൽകൃത ബാങ്കുകളിലേക്ക് മാറ്റുന്നതിനുള്ള അനുമതിക്കായി.</td></tr>
<tr><td colspan="2">എടുത്ത തീരുമാനം</td><td>ബാങ്കിന്റെ ബ്രാഞ്ച് കൂടി ഉൾപ്പെടുത്തി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗീകാരം വാങ്ങേണ്ടതാണ്.</td></tr>
<tr><td>3.8</td><td>മിനിസ്ട്രി ഓഫ് റെയിൽവേയുടെ കീഴിലുള്ള റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന കമ്പനിയുടെ വിപിഎൻ ബ്രോഡ്ബാന്റ് (VPNoBB) കണക്ഷൻ എടുക്കുന്നത് സംബന്ധിച്ച്.</td><td>നിലവിൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ BSNL ന്റെ 256 Kbps Bandwidth ഉള്ള VPNoBB Connection ആണ് ഉപയോഗിച്ചു വരുന്നത്. ഇത് 256 Kbps ന്റെ പ്രതിവർഷ നിരക്കായ 15,960/- രൂപയ്ക്ക് 512 Kbps ആയി അപ്ഗ്രേഡ് ചെയ്യുന്നതാണെന്ന് BSNL അറിയിച്ചിട്ടുണ്ട്.<br><br>ഇ-ഡിസ്ട്രിക്റ്റ് പ്രോജക്റ്റിന്റെ ഭാഗമായി ഐ.ടി.മിഷൻ മിനിസ്ട്രി ഓഫ് റെയിൽവേയുടെ കീഴിലുള്ള റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ വഴി മലപ്പുറം, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിലെ എല്ലാ വില്ലേജ് ഓഫീസുകളിലും പ്രതിവർഷം 21,000/- രൂപ നിരക്കിൽ ഒപ്റ്റിക് ഫൈബർ VPNoBB- 2Mbps ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഐ.ടി.മിഷനും, ഐടി@സ്കൂളും മറ്റു ചില സർക്കാർ സ്ഥാപനങ്ങളും ഈ സംവിധാനം വിജയകരമായി ഉപയോഗിക്കുന്നുണ്ട്.<br><br>ഈ സംവിധാനം വഴി മേൽ പറഞ്ഞ ജില്ലകളിലെ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും 2Mbps Bandwidth ലഭ്യമാക്കാൻ സാധിക്കും എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും വെബ് അധിഷ്ഠിത സേവനങ്ങൾ നടപ്പാക്കുന്നതിന്റെ വെളിച്ചത്തിൽ 2Mbps Bandwidth ലഭ്യമാക്കാൻ ലഭ്യമാക്കാൻ കഴിഞ്ഞാൽ, എൽ.എസ്.ജി. ഡി യുടെ ഇ-ഗവേണൻസിന്റെ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കുന്നതാണ്.<br><br>2Mbps Bandwidth സംവിധാനം മറ്റു ജില്ലകളിൽ കൂടി വ്യാപകമാക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾ ഈ സംവിധാനത്തിലേക്ക് മാറുന്നതിന് എൽ.എസ്.ജി.ഡിയ്ക്ക് സമ്മതമാണ് എന്ന സമ്മതപത്രം റെയിൽടെൽ കോർപ്പറേഷന് നൽകിയാൽ ഈ സേവനം മറ്റു ജില്ലകളിലും സമയബന്ധിതമായി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ് എന്ന് റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.<br><br>റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ സമർപ്പിച്ച പ്രൊപ്പോസൽ നടപ്പാക്കുന്നതിലേക്കായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. പ്രൊപ്പോസൽ രണ്ടാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അജണ്ടയോടൊപ്പം അനുബന്ധമായി സമർപ്പിച്ചിരുന്നു.</td></tr>
</table>

<table>
<tr><th>ഇനം നമ്പർ</th><th>അജണ്ട</th><th>ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ</th></tr>
<tr><td colspan="2">എടുത്ത തീരുമാനം</td><td>ഒരു ജില്ലയിൽ പൈലറ്റായി നടപ്പാക്കാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച പ്രൊപോസൽ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.</td></tr>
<tr><td>3.9</td><td>ശ്രീ. ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ, കോഴിക്കോട് കോർപ്പറേഷൻ ശിക്ഷണനടപടി സംബന്ധിച്ച്.</td><td>ശ്രീ. ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ, കോഴിക്കോട് കോർപ്പറേഷൻ താഴെ പറയുന്ന തീയതികളിൽ അനധികൃത അവധിയിൽ പ്രവേശിച്ചിരുന്നു.<br>1. 27/03/2013 മുതൽ 21/05/2013 വരെ 56 ദിവസം അനുമതി ഇല്ലാതെ അവധിയിൽ പ്രവേശിച്ചു. ഈ കാലയളവിൽ വിദേശപര്യടനം നടത്തി.<br>2. 01/12/2013 മുതൽ 20/01/2014 വരെ 51 ദിവസം ആർജ്ജിത അവധിക്ക് അപേക്ഷിച്ചു ജില്ലാ കോർഡിനേറ്റർ ശുപാർശചെയ്യാത്തതിനാൽ അവധി നിരസിച്ചു. പക്ഷെ അനധികൃതമായി അവധിയിൽ പ്രവേശിച്ചു.<br>3. 7/02/2014 മുതൽ 21/02/2014 വരെ 15 ദിവസം ആർജ്ജിത അവധിക്ക് അപേക്ഷിച്ചു ജില്ലാ കോർഡിനേറ്റർ ശുപാർശചെയ്യാത്തതിനാൽ അവധി നിരസിച്ചു. പക്ഷെ അനധികൃതമായി അവധിയിൽ പ്രവേശിച്ചു.<br>ശ്രീ.ആനന്ദ് യു.ആർ ആകെ 122 ദിവസം അനധികൃത അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. ശ്രീ.ആനന്ദ് യു.ആറിന് എതിരെയുള്ള അച്ചടക്ക നടപടികളെ സംബന്ധിച്ച ഫയൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിക്കുന്നു.</td></tr>
<tr><td colspan="2">എടുത്ത തീരുമാനം</td><td>എക്സിക്യൂട്ടീവ് ഡയറക്ടർ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്.</td></tr>
<tr><td>3.10</td><td>ഡെപ്യൂട്ടേഷനിലുള്ള ഉദ്യോഗസ്ഥർ ഐ.കെ.എമ്മിൽ തുടരുന്നത് സംബന്ധിച്ച്.</td><td>20.01.2014 തീയതിയിലെ G.O.(Ms)No.15/2014/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 19(a) പ്രകാരം ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്ന ദിവസം ഐ.കെ.എമ്മിൽ ഡെപ്യൂട്ടേഷനിൽ തുടരുന്ന താഴെ പറയുന്ന ഉദ്യോഗസ്ഥർ തിരികെ മാതൃ വകുപ്പിലേക്ക് പോകുകയോ പ്രത്യേക ഉത്തരവോടുകൂടി ഡെപ്യൂട്ടേഷൻ പുതുക്കുകയോ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇവർ ഐ.കെ.എമ്മിൽ തുടരുന്നതിനു വേണ്ടി സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്.<br><br>Name — Designation in IKM<br>Dr.M Samsuddin — Executive Director (from NCESS)<br>M P Ajithkumar — Group Director (from Director of Panchayats)<br>T A Rajasekharan — Team Leader (Admin) (from Secretariat)<br>P Sherif — Team Leader (Accounts) (from Secretariat)<br>K B Bahuleyan — Team Leader (Purchase) (from Secretariat)<br>P K Abdul Basheer — Team Leader- GP (from Director of Panchayats)<br><br>തുടർ നടപടികൾക്കായി സമർപ്പിക്കുന്നു.</td></tr>
<tr><td colspan="2">എടുത്ത തീരുമാനം</td><td>സർക്കാരുമായി ബന്ധപ്പെട്ട് തുടർ നടപടി ത്വരിതപ്പെടുത്തണം.</td></tr>
<tr><td>3.11</td><td>ശ്രീമതി. സിബി.എം, ജൂനിയർ ടെക്നിക്കൽ ഓഫീസർ, (ആലപ്പുഴ ജില്ല) ജോലിയിൽ നിന്നും പിരിച്ച് വിടുന്നത് സംബന്ധിച്ച്.</td><td>14.01.2013 മുതൽ 12.07.2013 വരെ മെറ്റേർനിറ്റി ലീവിലായിരുന്ന ശ്രീമതി. സിബി.എം, ജൂനിയർ ടെക്നിക്കൽ ഓഫീസർ ഇന്നേ ദിവസം വരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി വിട്ടുനിൽക്കുന്ന ശ്രീമതി.സിബി.എം ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപനവുമാണ് നടത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ശ്രീമതി. സിബി.എം.ന് ഐ.കെ.എമ്മിൽ തുടരാൻ താൽപര്യമില്ല എന്നു വ്യക്തമായിരിക്കുന്നു. ആയതിനാൽ ഈ ജീവനക്കാരിയെ ഐ.കെ.എമ്മിന്റെ സേവനത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്. അനുമതിക്കായി.</td></tr>
</table>

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| എടുത്ത തീരുമാനം | | പിരിച്ചുവിടാൻ നോട്ടീസ് നൽകാൻ തീരുമാനിച്ചു. |
| 3.12 | ശ്രീമതി.പ്രജീഷ.എസ്, ജൂനിയർ ടെക്നിക്കൽ ഓഫീസർ, (എറണാകുളം ജില്ല) ജോലിയിൽ തുടരുന്നതിനുള്ള കഴിവില്ലായ്മ സംബന്ധിച്ച്. | 04.11.2006 മുതൽ കഴിഞ്ഞ 8 വർഷമായി ഐ.കെ.മ്മിൽ ജോലിയിൽ തുടരുന്ന ശ്രീമതി പ്രജീഷ.എസ്, ജൂനിയർ ടെക്നിക്കൽ ഓഫീസർ, എറണാകുളം ജില്ല ഒട്ടും കാര്യക്ഷമതയില്ലാത്ത ജീവനക്കാരിയാണ് എന്ന് ജില്ലാ ടെക്നിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇത്രയും സീനിയറായിട്ടും ഐ.കെ.എം വികസിപ്പിച്ച് ഉപയോഗിച്ചു വരുന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളുമായിട്ട് യാതൊരു അറിവും പരിചയവുമില്ല എന്ന് മാത്രമല്ല ഈ ഉദ്യോഗസ്ഥയുടെ കഴിവില്ലായ്മ മൂലം തദ്ദേശ ഭരണസ്ഥാപനങ്ങളിൽ വളരെയധികം പ്രശ്നങ്ങൾ നിലനിൽക്കുന്നതാൽ, ഇ-ഗവേണൻസിന്റെ സുഖമമായ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി ഡിസ്ട്രിക്ട് കോർഡിനേറ്ററും, പല സെക്രട്ടറിമാരും തുടർച്ചയായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>പല തവണ അച്ചടക്ക നടപടി എന്ന നിലയിൽ ഈ ജീവനക്കാരിയെ സ്ഥല മാറ്റം ചെയ്തിട്ടുണ്ടെങ്കിലും, പ്രവർത്തനത്തിൽ യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല എന്ന് മാത്രമല്ല, എല്ലാ സെക്രട്ടറിമാരും ഇതേ അഭിപ്രായമാണ് പറഞ്ഞിട്ടുള്ളത്.<br><br>ഈ ഒരു സാഹചര്യത്തിൽ ടി ഉദ്യോഗസ്ഥയെ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനമില്ല എന്ന് കാണുന്നു. ഈ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | എക്സിക്യൂട്ടീവ് ഡയറക്ടർ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്. |
| 3.13 | ഇൻഫർമേഷൻ കേരള മിഷനിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്രോഗ്രാമർമാരുടെ കരാർ കാലാവധി പുതുക്കുന്നത് സംബന്ധിച്ച്. | സോഫ്റ്റ്‌വെയർ വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാമറായി ജോലി ചെയ്യുന്ന ശ്രീ.അയ്യൂബ് എം.എച്ച് -ൻെറ കരാർ കാലാവധി 01.07.2014 ന് അവസാനിക്കുകയാണ്. ഹെൽപ്പ് ഡെസ്ക് ടീമിലെ സാംഖ്യ സോഫ്റ്റ്‌വെയർ സംബന്ധമായ ഫീൽഡിലെ പ്രശ്ന പരിഹാരം സംബന്ധിച്ച സപ്പോർട്ട് നൽകുന്നതിന് ശ്രീ.അയ്യൂബിൻെറ സേവനം അനിവാര്യമാണ്. നിലവിൽ പതിനായിരം രൂപ പ്രതിമാസശമ്പളം നൽകി വരുന്ന ശ്രീ. അയ്യൂബിൻെറ കരാർ കാലാവധി 3 മാസത്തേയ്ക്കു പുതുക്കി നൽകുന്നതിനും, സാങ്കേതിക വിഭാഗം ജീവനക്കാർക്ക് നൽകി വരുന്ന മിനിമം ശമ്പളമായ 13,500/-രൂപ അനുവദിച്ച് നൽകുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | | **അംഗീകരിച്ചു.** |
| 3.14 | ഐ.കെ.എമ്മിന് പുതിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുമുള്ള അനുമതി സംബന്ധിച്ച്. | ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ 25.03.2014 ൽ കൂടിയ 1-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിച്ചിരുന്നു.<br><br>എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ1.4 നമ്പർ തീരുമാനപ്രകാരം ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സിയോട് പ്രസ്തുത സ്പെസിഫിക്കേഷൻ വിശദമായി പഠിച്ച് recommendation 2-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ modified സ്പെസിഫിക്കേഷൻ പ്രകാരം താഴെ പറയുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഡി.ജി.എസ്. & ഡി rate contract / ഇ-ടെന്റർ മുഖേന വാങ്ങുന്നതിനുള്ള അനുമതിക്കായി.<br>1. എൽ.സി.ഡി പ്രൊജക്ടർ - 2-എണ്ണം (1-വാൾ മൗണ്ടിങ്ങ്)<br>2. ബിസിനെസ്സ് ക്ലാസ് ലാപ്ടോപ് - 4 എണ്ണം<br>3. ഹൈ-സ്പീഡ് ഡോക്യുമെന്റ് സ്കാനർ -1 എണ്ണം |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| എടുത്ത തീരുമാനം | | **അംഗീകരിച്ചു.** |
| 3.15 | തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് e- Payment Gateway, POS മെഷീൻ എന്നിവയിലൂടെ നികുതി പിരിക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുന്നതിനുള്ള തീരുമാനം എടുക്കുന്നത് സംബന്ധിച്ച്. | G.O.(Rt)No.687/2013/LSGD തീയതി:19.03.2013 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട നികുതി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ e-payment Gateway, POS മെഷീൻ എന്നിവയിലൂടെ പിരിക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.<br><br>ഇ-പെയ്മെന്റ് സേവനം ലഭ്യമാക്കുന്നതിനായി സേവന ദാതാവായി ഐ.കെ.എമ്മിനെ നിയോഗിക്കുകയും, ഇ-പെയ്മെന്റ് വഴി ലഭിക്കുന്ന നികുതികളും ഫീസുകളും കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു പൊതു അക്കൗണ്ട് (pooling account) തുറക്കാനും ഐ.കെ.എമ്മിന് അനുവാദം നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ശാഖകളുടേയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സെർവറുകൾ തമ്മിലുള്ള സംയോജനം സംബന്ധിച്ച നടപടികൾ നിർവ്വഹിക്കുന്നതിനും ഐ.കെ.എമ്മിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം പൊതു ജനങ്ങളുടെ സൗകര്യാർത്ഥം IRCTC പോലെയുള്ള സ്ഥാപനങ്ങൾ നടപ്പാക്കിയത് പോലെ വിവിധ ബാങ്ക്കളുടെ e- payment Gateway സൗകര്യം കൂടി ഉൾപ്പെടുത്തി വിപുലീകരിക്കാവുന്നതാണ്.<br><br>ഇതിലേക്കായി, താഴെ പറയുന്ന അനുമതികൽക്കായി സമർപ്പിക്കുന്നു.<br><br>a) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ e-payment ആവശ്യത്തിക്കായി വിവിധ ബാങ്കുകളുടെ e-payment Gateway സ്ഥാപിക്കുന്നതിനും, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ക്യാഷ് കൗണ്ടറിൽ POS മെഷീനുകൾ സ്ഥാപിക്കുന്നതിനും, ബാങ്കുകളുടെ കൗണ്ടർ മുഖേനെയോ എ.ടി.എം വഴിയോ നികുതി സ്വീകരിക്കുന്നതുനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും, മറ്റു തുടർ പ്രവർത്തനങ്ങൾക്കുമായി അതാത് ബാങ്കുകളിൽ ഐ.കെ.എമ്മിന്റെ പേരിൽ അതാത് ആവശ്യത്തിനുള്ള പ്രത്യേകം Pooling Account (Current Account) തുടങ്ങുക<br>b) Account (Current Account) തുടങ്ങുക<br>c) http://www.tax.lsgkerala.gov.in എന്ന വെബ്സൈറ്റ് ഹോസ്റ്റ് ചെയ്തിരിക്കുന്ന സെർവർ STQC വഴി അല്ലെങ്കിൽ, ബാങ്കുകൾ empanel ചെയ്തിരിക്കുന്ന സ്ഥാപനങ്ങൾ വഴി കാലാകാലങ്ങളിൽ Certify ചെയ്യുക.<br><br>d) ഇ-പെയ്മെന്റ്/ഇ-ഫയലിങ്ങുമായി ബന്ധപ്പെട്ട സൈറ്റുകൾക്ക് മിനിമം 128 Bit encryption നോട് കൂടിയ സുരക്ഷിതമായ WildcardSSL certification കാലാകാലങ്ങളിൽ പുതുക്കുന്നതിനുള്ള അനുമതി നൽകുക<br><br>e) വിവിധ ബാങ്കുകളുമായി പ്രസ്തുത സർവീസുകൾ നടപ്പാക്കുന്നതിനു എഗ്രീമെന്റ് വൈക്കുന്നതിനുള്ള അനുമതി നൽകുക. |
| എടുത്ത തീരുമാനം | | 12.08.2014 ന് അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ചർച്ചചെയ്ത് തീരുമാനിക്കേണ്ടതാണ്. |
| 3.16 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വെബ്സൈറ്റ് വരിസംഖ്യ/ എസ്.എം.എസ്/ഇ-പേയ്മെന്റ് ഗേറ്റ് വേ എന്നിവയ്ക്കുള്ള തുക | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റ് പരിപാലിച്ചുവരുന്നത് ഇൻഫർമേഷൻ കേരള മിഷനാണ്. മാത്രമല്ല ഐ.കെ.എം വികസിപ്പിച്ച വിവിധ സോഫ്റ്റ്വെയറുകളോട് എസ്.എം.എസ് സൗകര്യം, ഇ-പേയ്മെന്റ് ഗേറ്റ് വേ എന്നീ സവിശേഷതകൾ കൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. ഈ സൗകര്യങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ചെലവിലേക്കായി ഒരു ഗ്രാമപഞ്ചായത്ത് 7,500/- |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | ലഭ്യമാക്കുന്നത് സംബന്ധിച്ച്. | രൂപ വീതം 978 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 73,35,000/- രൂപയും, 60 മുനിസിപ്പാലിറ്റികളിൽ നിന്നും 17500/- രൂപ വീതം 10,50,000/- രൂപയും 152 ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 5,000/- രൂപ വീതം 7,60,000/- രൂപയും 5 കോർപ്പറേഷനുകളിൽ നിന്നും 40,000/- രൂപ വീതം 20,00,000/- രൂപയും ഇപ്രകാരം ആകെ 1,11,45,000/- രൂപ എല്ലാ തലത്തിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഐ.കെ.എം ലേക്ക് അടക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഇറക്കുന്നതിന് പ്രൊപ്പോസൽ നൽകുന്നതിനുള്ള അനുമതിക്കായി. |
| **എടുത്ത തീരുമാനം** | | NIC – യിൽ നിന്നും സൗജന്യമായി SMS ലഭിക്കുന്നതാണ് എന്ന് ശ്രീ.അജിത് ബ്രഹ്മാനന്ദൻ സൂചിപ്പിച്ചതനുസരിച്ച് NIC ക്ക് ഒരു പ്രൊപോസൽ നൽകാൻ തീരുമാനിച്ചു. |
| 3.17 | ഐ.കെ.എമ്മിലെ മുൻ ഇംപ്ലിമെന്റേഷൻ ഡയറക്ടറായിരുന്ന ശ്രീ.എ.ഷാജിക്ക് ശമ്പള വർദ്ധനവ് നൽകിയത് സംബന്ധിച്ച്. | ശ്രീ.ഷാജി എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 01.03.2012-ൽ അയച്ച കത്തിൽ അദ്ദേഹത്തിന് ഐ.കെ.എമ്മിലെ ഡെപ്യൂട്ടേഷൻ കാലയളവിൽ ശമ്പള വർദ്ധന നടപ്പാക്കിയില്ല എന്ന് കാണിച്ച് ശമ്പള വർദ്ധന മുൻകാല പ്രാബല്യത്തോടെ പുതുക്കി നൽകണമെന്ന് അപേക്ഷ നൽകിയിട്ടുണ്ട്.<br><br>തുടർന്ന് രേഖകൾ പരിശോധിച്ചപ്പോൾ പ്രസ്തുത ഉത്തരവിൽ ശ്രീ.എ.ഷാജിയെ ഡെപ്യൂട്ടേഷന്റെ സാധാരണ വ്യവസ്ഥകൾ അനുസരിച്ചായിരിക്കണം നിയമനം നൽകേണ്ടത് എന്ന് പറഞ്ഞിരുന്നു. എന്നാൽ ശ്രീ.ഷാജി ഐ.കെ.എമ്മിൽ ജോലിയിൽ പ്രവേശിച്ച സമയം അദ്ദേഹത്തിന് അന്ന് കെൽട്രോണിൽ നിന്നും നൽകിയിരുന്ന ശമ്പളം കുറവായതിനാൽ അദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യതയും എക്സ്പീരിയൻസും പരിഗണിച്ച് സി-ഡിറ്റിലെ സൈന്റിസ്റ്റ്-ഇ1 ഗ്രേഡിന്റെ Scale of pay ആയ 12,000-375-16,500 അന്നത്തെ ഇ.എം.ഡി യുടെ ഓർഡർ നം.IKM/FAL/O.O/002/2013 തീയതി 09.04.2013 പ്രകാരം ശമ്പളം ഫിക്സ് ചെയ്ത് നൽകി. തുടർന്നുള്ള അസ്സസ്സ്മെന്റ് പ്രോമോഷനുകൾ നൽകിയിരുന്നില്ല. നിലവിലുള്ള രേഖകൾ അനുസരിച്ച് ശ്രീ.ഷാജിക്ക് കെൽട്രോണിൽ നിന്നും ലഭ്യമാകേണ്ടതിൽ നിന്നും കൂടുതൽ തുകയാണ് നൽകിയത് എന്ന് കാണുന്നു.<br><br>ടി വിഷയം സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിനായി. പ്രസ്തുത ജി.ഒയും ഫിക്സേഷൻ ഓർഡറും രണ്ടാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അജണ്ടയോടൊപ്പം അനുബന്ധമായി സമർപ്പിച്ചിരുന്നു. |
| **എടുത്ത തീരുമാനം** | | ഐ.കെ.എമ്മിലെ ശമ്പളം നൽകിയ നടപടി അംഗീകരിച്ചു. തുടർ നടപടികൾ ആവശ്യമില്ല. |
| 3.18 | ഡൊമൈൻ സംബന്ധമായ പ്രശ്നങ്ങൾ പിരിഹരിക്കുന്നതിന് കൺസൾട്ടന്റ്മാരെ നിയമിക്കുന്നത് സംബന്ധിച്ച് | ഐ.കെ.എം ഡെവലപ്പ് ചെയ്ത സോഫ്റ്റ്‌വെയറുകൾ മറ്റു സോഫ്റ്റ്‌വെയറുമായി സംയോജിക്കുമ്പോൾ വരാവുന്ന ഡൊമൈൻ സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും, പരിഹരിക്കുന്നതിനും ഡൊമൈൻ എക്സ്പെർട്ട്മാരുടെ സേവനം അനിവാര്യമാണ്.<br><br>ആയതിനാൽ കൺസൾട്ടന്റിനെ എടുക്കുന്നതിനും, ഐ.കെ.എം വികസിപ്പിച്ച /വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന സോഫ്റ്റ്‌വെയർ ഡൊമൈൻ സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും, വിവരങ്ങൾ നൽകുന്നതിനും, പരിഹരിക്കുന്നതിനും കൺസൾട്ടന്റ്മാരെ ആവശ്യാനുസരണം 2000/- രൂപ പ്രതിദിന ഹോണറേറിയം അടിസ്ഥാനത്തിൽ എടുക്കുന്നതിനുള്ള അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | | ഐ.കെ.എം ജീവനക്കാരുടെ സേവന-വേതന ഘടന നടപ്പാക്കുന്ന സമയത്ത് പരിഗണിക്കുന്നതാണ്. |
| 3.19 | ഐ.കെ.എം - ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും, അക്കൗണ്ടന്റ് | ഐ. കെ. എം മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തിനായി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | കം ഐ.റ്റി എക്സ്പേർട്ടുമാർക്കും പ്രതിമാസം 250/- രൂപ മൊബൈൽ അലവൻസ്സ് അനുവദിയ്ക്കുന്നത് സംബന്ധിച്ച്. | പഞ്ചായത്ത്, ജില്ലാ പ്ലാനിംഗ് ഓഫീസ്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ വിന്യസിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റൻറുമാർക്കും, ബ്ലോക്ക് പഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള അക്കൗണ്ടൻറ് കം ഐ.റ്റി എക്സ്പേർട്ടുമാർക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ജില്ലാ കോർഡിനേറ്റർ, ജില്ലാ ടെക്നിക്കൽ ഓഫീസർ, പഞ്ചായത്ത് ജീവനക്കാർ എന്നിവരുമായി നിരന്തരം ടെലഫോൺ മുഖേന ബന്ധപ്പെടേണ്ടതുണ്ട്.<br><br>ഇതിലേയ്ക്കായി ടെക്നിക്കൽ അസിസ്റ്റൻറുമാർക്കും, അക്കൗണ്ടൻറ് കം ഐ.റ്റി എക്സ്പേർട്ടുമാർക്കും പ്രതിമാസം 250/- രൂപ മൊബൈൽ അലവൻസ്സ് അനുവദിയ്ക്കുന്നതിനുള്ള അനുമതി നൽകുന്നതിന് 25.01.2014 ൽ ചേർന്ന ഐ. കെ. എമ്മിൻെറ 63ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 63.14 നമ്പർ തീരുമാന പ്രകാരം വിശദമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിയ്ക്കുകയുണ്ടായി.<br><br>ഐ.കെ.എം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തിട്ടുള്ള പശ്ചാത്തലത്തിൽ ഫീൽഡിൽ വിന്യസിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റൻറുമാർക്കും, അക്കൗണ്ടന്റ് കം ഐ.റ്റി എക്സ്പേർട്ടുമാർക്കും പ്രതിമാസം 250/- രൂപ മൊബൈൽ അലവൻസ്സ് നൽകുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | **CUG** എടുക്കാമോ എന്ന് പരിശോധിക്കേണ്ടതാണ്. |
| 3.20 | ശ്രീ.സിറിൽ ടി.കുര്യാക്കോസ്, ടെക്നിക്കൽ ഓഫീസറുടെ ശിക്ഷണനടപടി സംബന്ധിച്ച്. | 25.01.2014 ലെ 63–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 63.19 നമ്പർ തീരുമാനപ്രകാരം ശ്രീ.സിറിൽ ടി. കുര്യാക്കോസ്, ടെക്നിക്കൽ ഓഫീസറുടെ ശിക്ഷണനടപടി സംബന്ധിച്ച് എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ നടപടികൾ തുടരേണ്ടതാണ് എന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരുന്നു.<br><br>അയതിൻ പ്രകാരം ശ്രീ.സിറിൽ റ്റി കുര്യാക്കോസ് അനധികൃതമായി അവധിയിലായിരുന്ന താഴെ പറയുന്ന കാലയളവുകൾ ശൂന്യവേതന അവധിയായി അനുവദിച്ച് കൊണ്ട് കാലയളവുകൾ ക്രമപ്പെടുത്തി സഞ്ചിതഫലത്തോടെ രണ്ട് വാർഷിക ഇൻക്രിമെന്റ് തടഞ്ഞ് വെച്ചു കൊണ്ടും ശ്രീ. സിറിൽ റ്റി കുര്യാക്കോസിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.<br><br>ആയത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവിലേക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | ശ്രദ്ധയിൽപ്പെടുത്തി. |
| 3.21 | ഐ.കെ.എമ്മിൽ ഒരു ആട്ടോകാഡ് ഡെവലപ്പറെ നിയമിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്. | ഓപ്പൺ സോഫ്റ്റ് പ്ലാറ്റ്ഫോമിൽ സങ്കേതം (ബിൽഡിംഗ് പെർമിറ്റ്), സുഗമ (എസ്റ്റിമേറ്റ് തയ്യാറാക്കൽ) എന്നീ സോഫ്റ്റ് വെയറുമായി ആട്ടോകാഡ് ഫയലുകൾ സംയോജിപ്പിക്കുന്നതിനായി ഒരു ആട്ടോകാഡ് ഡെവലപ്പറുടെ സേവനം മൂന്ന് മാസത്തേയ്ക്ക് ആവശ്യമാണ്.<br><br>അനുമതിയ്ക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | Open source software കൂടി അറിയാവുന്ന ഒരാളെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കാൻ തീരുമാനിച്ചു. |
| 3.22 | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെർവർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാർഷിക അറ്റകുറ്റ പണികൾ നടപ്പാക്കുന്നത് സംബന്ധിച്ച്. | 20.01.2014 തീയതിയിലെ G.O.(Ms) No.15/2014 / LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ ബൈലാ, റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 7(h) പ്രകാരം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റ പണികൾ നടപ്പാക്കുന്നതിനുള്ള ചുമതല |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | ഐ.കെ.എമ്മിൽ നിക്ഷിപ്തമാക്കിയിരിക്കുകയാണ്.<br>ആയതിനാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെർവർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാർഷിക അറ്റകുറ്റ പണികൾ ഐ.കെ.എമ്മിന്റെ മേൽ നോട്ടത്തിൽ നടപ്പാക്കുന്നതിനു വേണ്ടി പബ്ലിക് ടെണ്ടർ വിളിച്ച് ഒരു ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറെ എൽപ്പിക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | ഹാർഡ്‌വെയറുകളുടെ ലിസ്റ്റ് തയ്യാറാക്കി ഗവൺമെന്റിലേക്ക് പ്രൊപ്പോസൽ അയക്കാൻ തീരുമാനിച്ചു. |
| 3.23 | സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച്. | ഐ.ക.എമ്മിന്റെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ മറ്റുള്ള സംസ്ഥാനങ്ങളിൽ സുഗമമായി നടപ്പിലാക്കുന്നതിന് വേണ്ടി ഒരു പ്രൈവറ്റ് പാർട്ട്ണറുടെ collaboration ആവശ്യമാണ്. അതിലേക്കായി expression of interest വിളിച്ച് ഒരു ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | | പിന്നീട് പരിഗണിക്കാവുന്നതാണ്. |
| 3.24 | ഒഴിവുള്ള മുനിസിപ്പാലിറ്റി/ ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ ടെക്നിക്കൽ അസിസ്റ്റന്റിനെ നിയമിക്കുന്നത് സംബന്ധിച്ച്. | 12.09.2013 ൽ നടന്ന 62-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 62.14 നമ്പർ തീരുമാനപ്രകാരം മുനിസിപ്പാലിറ്റി / ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ ടെക്നിക്കൽ അസിസ്റ്റന്റ് മാരുടെ ഒഴിവുള്ള തസ്തികകളിലേക്ക് സർക്കാർ അനുമതിയോടുകൂടി നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. തുടർന്ന് 17.01.2014 തീയതിയിലെ നം.267/ഇ4/2014/ ഐ.കെ.എം നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് പ്രൊപ്പോസൽ നൽകുകയും ചെയ്തു.<br>എന്നാൽ 04.02.2014 ലെ സർക്കാർ കത്ത് നം.4826/ഐബി1/ 2014/തസ്വഭവ പ്രകാരം ഇൻഫർമേഷൻ കേരള മിഷനെ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ഐ.കെ.എമ്മിൽ ഇപ്പോൾ പുതിയ നിയമനങ്ങൾ നടത്തുന്നത് അഭികാമ്യമാവുകയില്ല. ആയതിനാൽ ടി.എ മാരെ നിയമിക്കുന്നതിനുള്ള അനുമതി പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് അറിയിച്ചിട്ടുണ്ട്.<br>G.O.(Rt)No.3865/08/LSGD dated 03.11.2008 പ്രകാരം മേൽപ്പറഞ്ഞ ഒഴിവുകൾ സർക്കാർ അംഗീകൃത തസ്തികകളാണ്. G.O.(Ms) No.15/2014/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10.02.2014 മുതൽ ഇൻഫർമേഷൻ കേരള മിഷൻ ഒരു സ്വയംഭരണ സ്ഥാപനമായി ചെയ്ത സാഹചര്യത്തിൽ ഖണ്ഡിക 12.13 പ്രകാരം നിയമനങ്ങൾക്കുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിധിയിൽ വരുന്നതാണ്.<br>ആയതിനാൽ നിലവിലുള്ള ഒഴിവുകളിലേക്കും, ഭാവിയിൽ വരുന്ന ഒഴിവുകളിലേക്കും ടെക്നിക്കൽ അസിസ്റ്റന്റ്മാരെ നിയമിക്കുന്നതിനു എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനും, ഇന്റർവ്യൂ കമ്മിറ്റി രൂപീകരിക്കുന്നതിനും സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | ഐ.കെ.എം ജീവനക്കാരുടെ സേവന-വേതന ഘടന നടപ്പാക്കുന്ന സമയത്ത് പരിഗണിക്കുന്നതാണ്. |
| 3.25 | ഇൻന്റേണൽ ആഡിറ്ററെ നിയമിക്കുന്നത് സംബന്ധിച്ച്. | 27.06.2012 ൽ നടന്ന 58-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 58.19 നമ്പർ തീരുമാനപ്രകാരം A.G യിൽ നിന്നോ, ഫൈനാൻസിൽ നിന്നോ സർവ്വീസിൽ നിന്നും വിരമിച്ചവരെ നിയമിക്കാനും. ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാനും തീരുമാനിച്ചിരുന്നു.<br>ഇതിന്റെ അടിസ്ഥാനത്തിൽ 07.12.2013 ലെ നം.7625/ഇ1/2013/ഐകെഎം |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | നമ്പർ കത്ത് സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് നം.77027/ഐബി1 /2013/തസ്വഭവ സർക്കാർ കത്തിൽ ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്തതിനുശേഷം മാത്രമേ പുതിയ നിയമനങ്ങൾ സംബന്ധിച്ച തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ എന്ന് അറിയിച്ചിരുന്നു.<br><br>G.O.(Ms) No.15/2014/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10.02.2014 മുതൽ ഇൻഫർമേഷൻ കേരള മിഷൻ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിനാൽ ഇൻന്റേണൽ ആഡിറ്ററെ എ.ജി. ഓഫീസിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി. |
| **എടുത്ത തീരുമാനം** | | ചാർട്ടേഡ് അക്കൗണ്ടന്റ് മാരുടെ ഫേമിൽ നിന്നും ക്വട്ടേഷൻ വാങ്ങി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. |
| 3.26 | 2-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ മിനിട്ട്സിൻമേൽ എടുത്ത നടപടി. | <u>2.7) ഐ.കെ.എം ലെ കാലപ്പഴക്കം ചെന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അപ്ഗ്രേഡ് ചെയ്യുന്നതിനും, പുതിയവ വാങ്ങുന്നതിനുമുള്ള അനുമതി സംബന്ധിച്ച്.</u><br><br>20.05.2014 ലെ 2-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 2.7 നമ്പർ തീരുമാന പ്രകാരം 20- i7 കമ്പ്യൂട്ടറുകളും 50- i5 കമ്പ്യൂട്ടറുകളും ഡി.ജി.എസ്. & ഡി rate contract പ്രകാരം വാങ്ങുന്നതിന് 08.06.2014 ലെ പർച്ചേസ് ഓർഡർ നമ്പർ IKM/P&W/SO-05/2014-15 അനുസരിച്ച് സപ്ലൈ ഓർഡർ നൽകി. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവിലേക്കായി. |
| **എടുത്ത തീരുമാനം** | | നടപടി അംഗീകരിച്ചു. |
| 3.27 | ഡേറ്റാ സെന്ററിലേക്ക് സെർവർ വാങ്ങുന്നതിന് ഇ-ടെന്റർ നൽകിയത് സംബന്ധിച്ച്. | 29.11.2013 ലെ സർക്കാർ ഉത്തരവ് G.O(Rt)No.2934/2013/LSGD പ്രകാരം ഐ.കെ.എമ്മിന് സ്റ്റേറ്റ് ഡേറ്റാസെന്ററിൽ വയ്ക്കുന്നതിനായി 4 സെർവർ വാങ്ങുന്നതിന് ഉത്തരവായി. ഇതിന്റെ അടിസ്ഥാനത്തിൽ 11.04.2014 ലെ ടെണ്ടർ നം.IKM/TP/01/2014 പ്രകാരം ഇ-ടെണ്ടർ നൽകുകയും തുടർന്ന് 9.05.2014 ൽ ടെണ്ടർ ഓപ്പൺ ചെയ്തു. 3 Bid ലഭിച്ചതിൽ യോഗ്യത നേടിയ ഒരു Bid മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതിനെ തുടർന്ന് 17.05.2014 ൽ കൂടിയ പർച്ചേസ് കമ്മിറ്റി competitive Bid ഇല്ലാത്തതു കൊണ്ട് റീ-ടെണ്ടർ നടത്താൻ തീരുമാനിച്ചു. പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ആവശ്യമായ മാറ്റങ്ങൾ ടെണ്ടറിൽ വരുത്തി 17.06.2014 ന് റീ-ടെണ്ടർ ചെയ്തു. ടെണ്ടർ ലഭിക്കേണ്ട അവസാന തീയതി 11.07.2014 ആണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവിലേക്കായി. |
| **എടുത്ത തീരുമാനം** | | ശ്രദ്ധയിൽപ്പെടുത്തി.നടപടി അംഗീകരിച്ചു. |
| 3.28 | ഡോ.എം.ഷംസുദ്ദീൻ, എക്സിക്യൂട്ടീവ് ഡയറക്ടർക്ക് എൽ.ടി.സി അനുവദിക്കുന്നത് സംബന്ധിച്ച്. | ഐ.കെ.എമ്മിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ആയ ഡോ.എം.ഷംസുദ്ദീൻ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (CESS)-ൽ നിന്നും ഡെപ്യൂട്ടേഷനിൽ ഐ.കെ.എമ്മിൽ ജോലി ചെയ്യുന്നു. ഇപ്പോൾ സെസ്സ് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമാക്കിയതിനാൽ ഡോ.എം.ഷംസുദ്ദീന് Leave Travel Concession ന് അർഹതയുണ്ടായിരിക്കുന്നു. ആയതിനാൽ നിലവിലുള്ള കേന്ദ്ര ഗവൺമെന്റ് ചട്ടങ്ങൾ അനുസരിച്ച് 2014 കലണ്ടർ വർഷം ഡോ.എം.ഷംസുദ്ദീന് LTC അനുവദിക്കുന്നതിനുള്ള അപേക്ഷ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് മുമ്പാകെ വയ്ക്കുന്നു. അംഗീകാരത്തിനായി. |
| **എടുത്ത തീരുമാനം** | | **അംഗീകരിച്ചു.** |

<table>
<tr><th>ഇനം നമ്പർ</th><th>അജണ്ട</th><th>ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ</th></tr>
<tr><td>3.29</td><td>ഐ.കെ.എം ടെക്നിക്കൽ കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച്.</td><td>ഇൻഫർമേഷൻ കേരള മിഷന്റെ നിലവിലുള്ള ടെക്നിക്കൽ കമ്മിറ്റി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിനുള്ള അനുവാദത്തിനായി.<br>1. Prof. and Head, Computer Science Department, Govt. Engineering College, Trivandrum : Chairman<br>2. Representative of CDAC, Trivandrum<br>3. Representative of Kerala State IT Mission, Trivandrum<br>4. Representative of NIC, Trivandrum<br>5. Director (Technical), IKM<br>6. Team Leader (TSIM), IKM : Convener</td></tr>
<tr><td colspan="2">എടുത്ത തീരുമാനം</td><td>താഴെ പറയുന്ന രീതിയിൽ കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിന് അനുവദിച്ചു.<br>1. Executive Director, IKM : Chairman<br>2. Prof. and Head, Computer Science Department, Govt. Engineering College, Trivandrum : member<br>3. Representative of CDAC, Trivandrum : member<br>4. Representative of Kerala State IT Mission, Trivandrum: member<br>5. Representative of NIC, Trivandrum : member<br>ഐ.കെ.എം പർച്ചേസ് ഓഫീസർ മീറ്റിംഗ് conduct ചെയ്യേണ്ടതാണ്.</td></tr>
<tr><td>3.30</td><td>മറ്റു വിഷയങ്ങൾ - അദ്ധ്യക്ഷന്റെ അനുവാദത്തോടുകൂടി</td><td>1. ശ്രീമതി.സിമിദത്ത്, അസിസ്റ്റന്റ് മാനേജർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് തുക അനുവദിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.<br>ശ്രീമതി.സിമിദത്ത്, അസിസ്റ്റന്റ് മാനേജർക്ക് ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ് (ഡി.എച്ച്.എസ്) അംഗീകരിച്ച മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് തുകയായ ₹1,71,939/- രൂപ അനുവദിച്ചു നൽകിയ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിനായി സമർപ്പിക്കുന്നു.</td></tr>
<tr><td colspan="2">എടുത്ത തീരുമാനം</td><td>ഐ.കെ.എം ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അനുവദിച്ചു-കൊണ്ടുള്ള ആധികാരിക രേഖ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഹാജരാക്കാൻ നിർദ്ദേശിച്ചു.</td></tr>
</table>

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻഫർമേഷൻ കേരള മിഷൻ**
**(മെമ്പർ സെക്രട്ടറി)**

**പ്രിൻസിപ്പൽ സെക്രട്ടറി**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**(ചെയർമാൻ)**